# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1752** 01-11-2019-ൽ
മറുപടി നൽകേണ്ടത്

### മങ്കട ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിന്റെ അടിസ്ഥാനസൗകര്യവികസനം

ചോദ്യം

**ശ്രീ. ടി.എ.അഹമ്മദ് കബീർ** :

ഉത്തരം

**ഡോ. കെ .ടി. ജലീൽ**
**(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | മങ്കട ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി പദ്ധതി നിർവ്വഹണ ഏജൻസിയായ കെ.ഐ.ടി.ഇ. സമർപ്പിച്ച 8.62 കോടി രൂപയുടെ പദ്ധതിരേഖയ്ക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | മങ്കട ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന്റെ അടിസ്ഥാന വികസനത്തിന് വേണ്ടിയുള്ള രൂപരേഖയായ ഡി.പി.ആർ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നടത്തിവരുന്ന പ്രസ്തുത കോളേജിന്റെ കെട്ടിട നിർമ്മാണം നിലവിൽ ഏതുഘട്ടത്തിലാണ്; പുരോഗതി വിശദമാക്കാമോ; | (ബി) | എം.എൽ.എ ഫണ്ടിൽ നിന്നും 4,48,96,764 രൂപ ലഭിച്ചിട്ടുള്ളതായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത കോളേജിന്റെ അക്കാദമിക്ക് ബ്ലോക്ക് ഓഫീസ്, സ്റ്റാഫ് റൂം എന്നിവയുടെ നിർമ്മാണ, നവീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതിൽ മൂന്നു കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷത്തിന്റെ ജോലികൾ നാളിതുവരെ കിറ്റ്കോ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കെട്ടിട നിർമ്മാണത്തിനും മറ്റ് അടിസ്ഥാന വികസനത്തിനുമായി കോളേജ് തയ്യാറാക്കിയ 1.8 കോടി രൂപയുടെ പദ്ധതിക്ക് വകുപ്പ് തലത്തിൽ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | പ്രസ്തുത പ്രൊപോസൽ ഇപ്പോൾ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ പരിഗണനയിലാണ്. സർക്കാരിൽ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ